സ്വീകരിക്കുന്നതിൽ വലിയ കാലതാമസത്തിന് ഇടയാക്കുന്നു എന്നതിനാൽ ബിൽ പ്രോസസ്സ് ചെയ്ത് തുക അനുവദിക്കുന്നതിനുള്ള അധികാരം 22-9-2021-ലെ സ.ഉ. (സാധാ) നം.211/2021/തസ്വഭവ. നമ്പർ ഉത്തരവുപ്രകാരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകി ഉത്തരവായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പിൽ കൈക്കൊണ്ടുവരികയാണ്.

വെണ്ണല ഗവൺമെന്റ് എൽ. പി. സ്കൂളിലെ ക്ലാസ്സ് മുറി നിർമ്മാണം

328 (328) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര മണ്ഡലത്തിലെ എം.എൽ.എ. ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിയ വെണ്ണല ഗവൺമെന്റ് എൽ.പി. സ്കൂളിൽ പുതിയ ക്ലാസ്സ് മുറിയുടെ നിർമ്മാണ പ്രവൃത്തിയുടെ ഫൈനൽ ബിൽ അലോട്ട്മെന്റ് കരാറുകാരന് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ?

ഉണ്ട്.

(ബി) നല്കിയിട്ടുണ്ടെങ്കിൽ എന്നാണ് നൽകിയതെന്നും പ്രസ്തുത തുക നല്കുവാനുണ്ടായ കാലതാമസത്തിന്റെ കാരണവും വിശദമാക്കുമോ?

1-10-2021-നാണ് നൽകിയത്. ഈ പ്രവൃത്തിയുടെ ബില്ലുകൾ രണ്ട് പാർട്ടുകളായാണ് അനുവദിച്ചത്. ആദ്യ പാർട്ട് ബിൽ 25-4-2018-ന് അനുവദിച്ചു. ഫൈനൽ ബിൽ തുക അനുവദിക്കുന്നതിനായി ലഭ്യമാക്കിയ ബില്ലിലും അനുബന്ധ രേഖകളിലും ചില അപാകതകൾ ശ്രദ്ധയിൽപ്പെടുകയും അതു പരിഹരിക്കുന്നതിന് കാലതാമസം ഉണ്ടാവുകയും ചെയ്തു. കോവിഡിനെ തുടർന്നുണ്ടായ ഭരണപരമായ ബുദ്ധിമുട്ടുകളും ഫൈനൽ ബിൽ തുക കരാറുകാരന് യഥാസമയം നൽകാൻ കഴിയാത്തതിന് കാരണമായി.

(സി) ഈ വിഷയം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ കൈകാര്യം ചെയ്യുന്ന എല്ലാ ഫയലുകളുടെയും പൂർണ്ണമായ പകർപ്പ് ലഭ്യമാക്കുമോ?

അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly